പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 929 — 30. 06. 2015 ൽ മറുപടിക്ക്.

# അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. പി. ടി. എ. റഹീം:<br>ശ്രീ. സി. രവീന്ദ്രനാഥ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മാന്യമായ വേതനം ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ അൺ-എയിഡഡ് മേഖലയിലെ അദ്ധ്യാപകർക്ക്മാന്യമായ വേതനം ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടെങ്കിലും ടി ജീവനക്കാർ 1947 ലെ തൊഴിൽ തർക്ക നിയമ പ്രകാരം 'വർക്ക്മെൻ' എന്ന ഗണത്തിലോ, 1948 ലെ മിനിമം വേതന നിയമം വകുപ്പ് (2)പ്രകാരം 'എംപ്ലോയി' എന്ന നിർവ്വചനത്തിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, തൊഴിൽ വകുപ്പിന് ഇക്കാര്യത്തിൽ ഇടപെടാൻ കഴിയുന്നില്ല. |
| (ബി) സി. ബി. എസ്. ഇ, ഐ. സി. എസ്. ഇ, സംസ്ഥാന സിലബസ് പിന്തുടരുന്ന സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും ശമ്പളസ്കെയിൽ നിർണ്ണയിക്കാനും നിയമാനുസൃതമായ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) സംസ്ഥാനത്തെ അൺ-എയിഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി 'The Kerala Payment of Minimum Wages to Teachers of Unaided Educational Institutions-Bill-2014' ന്റെ സാധുത ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പും നിയമ വകുപ്പും സംയുക്തമായി പരിശോധിച്ചുവരുന്നു. |

(സി) ഇത്തരം വിദ്യാലയങ്ങളിൽ തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ?

സംസ്ഥാന വ്യാപകമായി 2014 കാലയളവിൽ 134 അൺ-എയിഡഡ് സ്ക്കൂളുകളിൽ പരിശോധനകൾ നടത്തുകയും ടി സ്ഥാപനങ്ങളിലെ അനദ്ധ്യാപകരുടെ മിനിമം വേതനം, അവധി, ജോലി സുരക്ഷ മുതലായവ നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ള 3 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും 4 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിവിധ സിലബസ്സിലുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള ഉപാധികളിൽ വേതന ഘടന നിർബന്ധിതമാകുന്നതിനുള്ള് നടപടികൾ സ്വീകരിക്കുമോ?

(ഡി) സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്.

സെക്ഷൻ ആഫീസർ.